August 2020 Issue 1

KARSHAKA VIDYAPEEDAM
കർഷക വിദ്യാപീഠം

NEWSLETTER

# KARSHAKA VIDYAPEEDAM

# കർഷക സർവ്വകലാശാല

## എല്ലാവർക്കും പേറ്റന്റ്

'പേറ്റന്റ് 'എന്ന വാക്ക് എല്ലാവരും കേട്ടിട്ടുണ്ട്. സംരംഭകർ, കർഷകർ പാരമ്പര്യ വൈദ്യൻമാർ എന്നിവർക്കും കൃഷി, നാട്ടറിവ് എന്നിവയിൽ മികവ് തെളിയിച്ചിട്ടുള്ളവർക്കും പേറ്റന്റ്കൾ നേടുന്നതിനായി നമ്മുടെ ഗവണ്മെന്റ് Patent Act-ൽ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുന്നുണ്ട്. ഓരോ വ്യക്തിക്കും അവന്റെ പ്രവർത്തി മേഖലക്കും ബുദ്ധിക്കും അനുയോജ്യമായി പേറ്റന്റുകൾ കരസ്ഥമാക്കുവാൻ സാധിക്കുകയും, അവ മുഖേന ഭീമമായ സമ്പത്ത് സ്വരൂപിക്കുവാൻ ഇടയാവുകയും ചെയ്യുന്ന കാലത്താണ് നമ്മൾ എത്തി നിൽക്കുന്നത്.

അതിനാൽ IPR, ബൗദ്ധികസ്വത്ത്, patent, trademark എന്നിവയൊക്കെ എന്താണെന്ന് അറിയേണ്ടത് ആവശ്യമാണ്.

2001-ൽ World Intellectual Property Organization (WIPO) എന്ന സംഘടന നിലവിൽ വന്നതോടെ ആണ് IPR എന്ന വാക്ക് ഉപയോഗത്തിൽ വന്നത്. 'ബുദ്ധി ഉപയോഗിച്ച് സ്വരൂപിക്കുന്ന സ്വത്ത് (Intellectual Property)' എന്നാണ് ബൗദ്ധികസ്വത്തിന്റെ വിശദീകരണം.

ഒരാളുടെ ബുദ്ധിയിൽ ഉടൽ എടുത്ത ആശയത്തെ നവീന ഉത്പന്നമാക്കി മാറ്റുവാൻ സാധിക്കുന്ന പക്ഷം അയാൾ ജീവിക്കുന്ന രാജ്യത്തിന്റെ, അല്ലെങ്കിൽ അക്കാര്യം അംഗീകരിക്കുന്ന മറ്റൊരു രാജ്യത്തിന്റെ patent ഓഫീസിൽ നിന്നും നൽകുന്ന രജിസ്റ്റർ സർട്ടിഫിക്കറ്റിനാണ് IPR അഥവാ Intellectual Property Right Registration എന്ന് പറയുന്നത്.



### എം. ജെ. ജോസഫ് (മുതുകുളം കുഞ്ഞേട്ടൻ)

ഈ വിധമുള്ള വിവിധങ്ങളായ രെജിസ്ട്രേഷനുകളിൽ ഒന്ന് മാത്രമാണ് patent. മറ്റുള്ളവയുടെ പേരുകളും വിശദീകരണങ്ങളും തുടർന്നുള്ള പതിപ്പുകളിൽ നൽകാം.

Patent നേടുന്നതിനു യൂണിവേഴ്സിറ്റി ബിരുദങ്ങൾ ആവശ്യമുണ്ടോ എന്ന് പലരും ചോദിക്കുന്നു. ഇതിന്റെ ലളിതമായ ഉത്തരം നമ്മുടെ പക്കൽ ഉണ്ട്. ഒരു സാധാരണ കർഷകൻ ആയിരുന്ന ശ്രീ. എം. ജെ. ജോസഫ് എന്ന മുതുകുളം കുഞ്ഞേട്ടന് അദ്ദേഹം കണ്ടുപിടിച്ച തെങ്ങുകയറ്റ യന്ത്രത്തിനു patent ലഭിക്കുകയും, അന്താരാഷ്ട്ര പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടി വരുകയും ചെയ്തു.

# FARMER SCIENTISTS HONOURED

Dar. M. J. Joseph



SRI. K. R. VISHWAMBHARAN IAS CONFERRING M.J. JOSEPH 'DAR' TITLE AND GIVING THE BEST FARMER SCIENTIST AWARD IN THE FIRST FARMERS' SCIENCE CONGRESS

കേരള കാർഷിക സർവ്വകലാശാല 2008-ൽ കണ്ണൂർ കൃഷിവിജ്ഞാന കേന്ദ്രത്തിൽ നടത്തിയ ഒന്നാം കർഷക ശാസ്ത്ര കോൺഗ്രെസ്സിൽ അദ്ദേഹത്തിന് ദർ. ബഹുമതി നൽകി ആദരിക്കുകയും ചെയ്തു. കേരബോർഡിന്റെ കണക്കുകൾ പ്രകാരം പ്രതിവർഷം രണ്ടു ലക്ഷം തെങ്ങുകയറ്റ യന്ത്രങ്ങൾ ആണ് നിർമിക്കുന്നത്. മാത്രമല്ല അൻപതു ലക്ഷം തൊഴിൽ ദിനങ്ങളും ഓരോ വർഷവും ഉത്പാദിപ്പിക്കപ്പെടുന്നുഅത്രേ! 45 വർഷം മുൻപ് ഏകദേശം 150 രൂപ മുടക്കി രൂപപ്പെടുത്തിയ ഒരു 'ബുദ്ധി' ആണ് വളർന്നു വികസിച്ചു വിശ്വരൂപം പ്രാപിച്ചു നില്ക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ആണ്, ബൗദ്ധികസ്വത്ത് ഔപചാരിക സയൻസ്ന്റെ മാത്രമല്ല നാടൻ ശാസ്ത്രത്തിന്റെ കൂടി നട്ടെല്ല് ആണ് എന്ന് അവകാശപ്പെടുന്നത് (ഈ വിധം സ്വരൂപിക്കപ്പെട്ട പണം മുഴുവൻ inventor-ക്ക് മാത്രമായി ലഭിക്കുന്നത് അല്ല. പ്രോഡക്റ്റ് നിർമാതാക്കൾ, വ്യാപാരികൾ, ഏജന്റ്മാർ, യന്ത്രം ഉപയോഗിക്കുന്ന തൊഴിലാളികൾ എന്നിവർക്ക് ഒക്കെ മൊത്തമായി സ്വായത്തം ആകുന്ന സമ്പത്ത് ആണിത്). ആർക്കെങ്കിലും patent-ഓ IPR-കളോ നേടി കൊടുക്കുകയല്ല മറിച്ചു ബൗദ്ധികരായ ആളുകളെ, നവീന ഉത്പന്നങ്ങൾ രൂപപ്പെടുത്തുന്നതിനു പ്രോത്സാഹിപ്പിക്കുകയും IPR-കളെ ഉപയോഗിക്കുന്നതിനു കഴിവുള്ളവർ ആക്കുകയും ചെയ്യുക, ബൗദ്ധികസ്വത്ത് രെജിസ്ട്രേഷനുകളെകുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന അനവധി ആയ തെറ്റിധാരണകൾ പരിഹരിക്കുകയും ആണ് നാടൻ ശാസ്ത്രത്തിന്റെ ലക്ഷ്യം.



KERALA AGRICULTURAL UNIVERSITY
KRISHI VIGYAN KENDRA, KANNUR

1st FARMERS' SCIENCE CONGRESS
4, 5 February 2008

Dar. M. J. Joseph
ദർ. എം. ജെ. ജോസഫ്

This is to certify that Sri. M. J. Joseph ........ Who is adjudged as the best farmer scientist ( [illegible] ) in the 1st Farmers' Science Congress is entitled to use the non-heriditary honorific title, 'Dar (ദർ)' before his name.

| | | |
|---|---|---|
| Professor & Head<br>Krishi Vigyan Kendra, Kannur | Principal<br>Agricultural Officer, Kannur | Director of Extension<br>Kerala Agricultural University |


തോമസ് ജോർജ് മാമ്പുഴക്കൽ
ഗവേഷണ വിഭാഗം അസോസിയേറ്റ് ഡയറക്ടർ
കർഷക സർവ്വ കലാശാല ( KVP)